# വർഗീയതയെ ചെറുക്കുക

കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)
കേരള സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരിക്കുന്നത്

തിരുവനന്തപുരം
12.01.2016

വില: 2.50

# വർഗീയതയെ ചെറുക്കുക

## പടരുന്ന വർഗീയാഗ്നി; ഭീതി വിതച്ച് സംഘപരിവാർ

ആപത്കരമായ സാഹചര്യത്തിലൂടെയാണ് രാജ്യം കടന്നുപോകുന്നത്. നരേന്ദ്ര മോഡി സർക്കാർ അധികാരത്തിലെത്തിയതോടെ രാജ്യത്ത് വർഗീയ ധ്രുവീകരണം രൂക്ഷമായിരിക്കുകയാണ്. മത ന്യൂനപക്ഷങ്ങൾക്ക് നേരെ അതിശക്തമായ കടന്നാക്രമണമാണ് സംഘപരിവാർ ശക്തികൾ നടത്തുന്നത്. കേന്ദ്ര മന്ത്രിമാർ അടക്കമുള്ളവർ നാടിന്റെ ഐക്യവും ഭദ്രതയും തകർക്കുന്ന ഈ വർഗീയ ധ്രുവീകരണത്തിന് ആക്കം കൂട്ടുന്നു. രാജ്യത്തിന്റെ പല ഭാഗങ്ങളിലും വർഗീയ അസ്വസ്ഥതകൾ തലപൊക്കുകയാണ്. ബീഫ് വിവാദവും മറ്റും ഉയർത്തി മതന്യൂനപക്ഷങ്ങളെ ഭീതിയിലാഴ്ത്തുകയാണ്. രാമക്ഷേത്ര നിർമ്മാണം പോലുള്ള വിഷയങ്ങൾ സംഘപരിവാർ ശക്തികൾ വീണ്ടും സജീവമാക്കാൻ ശ്രമിക്കുന്നു. സംഘപരിവാർ ആക്രമണങ്ങളെ ചെറുക്കാനെന്ന പേരിൽ ന്യൂനപക്ഷവർഗീയതക്ക് തീകൊളുത്തി ജനതയെ തമ്മിലടിപ്പിക്കാനുള്ള നീക്കവും ആപൽക്കരമാണ്.

വിദ്യാഭ്യാസ മേഖലയെ പൂർണമായും കാവിവത്കരിക്കുന്നതിനുള്ള തീവ്രശ്രമത്തിലാണ് മോഡിയും കൂട്ടരും. ചരിത്ര ഗവേഷണ കൗൺസിൽ, ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്, സെൻസർ ബോർഡ്, സാഹിത്യ അക്കാദമി തുടങ്ങി ഉന്നത അക്കാദമിക സ്ഥാപനങ്ങളിലും സാംസ്കാരിക സമിതികളിലുമെല്ലാം തീവ്ര ഹൈന്ദവ ഫാസിസ്റ്റുകളെ സർക്കാർ തന്നെ മുൻകയ്യെടുത്ത് തിരുകികയറ്റുന്നു. ഇന്ത്യൻ ശാസ്ത്ര കോൺഗ്രസ്, ചരിത്ര കോൺഗ്രസ് തുടങ്ങി ഉന്നതമായ അക്കാദമിക കൂട്ടായ്മകളെ തങ്ങളുടെ വികലമായ ഫാസിസ്റ്റ് കാഴ്ചപ്പാടുകളുടെ വേദിയാക്കി തരംതാഴ്ത്തി.

ആർഎസ്എസിന്റെ സമ്പൂർണനിയന്ത്രണത്തിലാണ് മോഡി ഭരണം. ബിജെപി അധികാരമേറ്റശേഷം സംഘപരിവാർ നേതാക്കൾ തുടർച്ചയായി ന്യൂനപക്ഷങ്ങളെയും മതനിരപേക്ഷ ചിന്താഗതിക്കാരെയും ഭീഷണിപ്പെടുത്തും വിധം വിദ്വേഷപ്രസ്താവനകൾ നടത്തുകയാണ്. കേന്ദ്ര മന്ത്രിമാരായ സാധ്വി നിരഞ്ജൻ ജ്യോതി, ഗിരിരാജ് സിങ്ങ്, എംപിമാരായ യോഗി ആദിത്യനാഥ്, സാക്ഷി മഹാരാജ്, പരി

വാർ നേതാക്കളായ സുബ്രഹ്മണ്യം സ്വാമി, പ്രവീൺ തൊഗാഡിയ തുടങ്ങി ബിജെപി അധ്യക്ഷൻ അമിത് ഷാ വരെ വിദ്വേഷ പ്രസംഗങ്ങളുടെ കാര്യത്തിൽ മൽസരിക്കുന്നു. മോഡിയെ പിന്തുണയ്ക്കുന്നവർ രാമന്റെ മക്കളും മോഡി വിരുദ്ധർ ജാര സന്തതികളുമാണെന്ന മന്ത്രി സാധ്വി പ്രാചിയുടെ പ്രസ്താവന ഏറെ വിവാദം സൃഷ്ടിച്ചു. മന്ത്രി രാജിവെയ്ക്കണമെന്ന ആവശ്യം ഉയർന്നെങ്കിലും മോഡിയും അമിത് ഷായും പ്രാചിയെ സംരക്ഷിച്ചു. മോഡി വിമർശകർ പാക്കിസ്ഥാനിലേക്ക് പോകണമെന്ന ആഹ്വാനമാണ് മന്ത്രി ഗിരിരാജ് സിങ് നടത്തിയത്.

ഗാന്ധി ഘാതകനായ ഗോഡ്സെ ദേശാഭിമാനിയാണെന്നും ഹിന്ദു സ്ത്രീകൾ കൂടുതൽ കുട്ടികളെ പ്രസവിക്കണമെന്നും മറ്റുമാണ് സാക്ഷി മഹാരാജിന്റെ പ്രസ്താവനകൾ. ഹിന്ദു സ്ത്രീകൾ എട്ട് കുട്ടികളെ വരെ പ്രസവിക്കണമെന്ന് സാധ്വി പ്രാചി ഉപദേശിച്ചു. മുസ്ലീം പള്ളികൾ പന്നിതൊഴുത്തുകളാക്കണമെന്നും ഹിന്ദുക്കളുടെ വിശുദ്ധ സ്ഥലങ്ങളിലൊന്നും മുസ്ലീങ്ങളെ അടുപ്പിക്കരുതെന്നും യോഗി ആദിത്യനാഥ് പ്രസ്താവിച്ചു. അമ്പലത്തിൽ മാത്രമാണ് ദൈവമുള്ളതെന്നും പള്ളികളിൽ ഇല്ലെന്നുമായിരുന്നു സുബ്രഹ്മണ്യം സ്വാമിയുടെ കണ്ടെത്തൽ. ഇന്ത്യ ഹിന്ദുരാഷ്ട്രമാണെന്നും ശക്തമായ ഹിന്ദുസമൂഹം കെട്ടിപ്പടുക്കാനാണ് ശ്രമിക്കുന്നതെന്നും ആർഎസ്എസ് മേധാവി മോഹൻ ഭാഗവത് ആവർത്തിക്കുന്നു. മുമ്പ് രഹസ്യമായി പ്രചരിപ്പിച്ച കാര്യങ്ങൾ സ്വന്തം സർക്കാർവന്നതോടെ ആർഎസ്എസ് പരസ്യമായി പറയുന്നു–ഘർവാപസി ഉദാഹരണം. വിദ്വേഷ പ്രസ്താവനകൾക്കെതിരെ ഒരക്ഷരം പോലും പ്രധാനമന്ത്രി നരേന്ദ്ര മോഡി ഉരിയാടിയിട്ടില്ല. നേതാക്കളെ നിയന്ത്രിക്കേണ്ട ബിജെപി അധ്യക്ഷനാകട്ടെ പ്രസ്താവനകളുടെ കാര്യത്തിൽ അവരെയും മറികടന്നു. ബീഹാറിൽ എൻഡിഎ തോറ്റാൽ പാക്കിസ്ഥാനിൽ പടക്കം പൊട്ടുമെന്നായിരുന്നു അമിത് ഷായുടെ പ്രസ്താവന. വിഖ്യാത ഗസൽ ഗായകൻ ഗുലാം അലിയുടെ മുംബൈയിലെ സംഗീതപരിപാടി ശിവസേന തടഞ്ഞത് രാജ്യത്തെ ഗ്രസിച്ച വർഗീയവിപത്തിന്റെ ആഴം വെളിപ്പെടുത്തുന്നു.

രാജ്യത്തെ ക്രൈസ്തവരെയും മുസ്ലിങ്ങളെയും മതപരിവർത്തനത്തിന് വിധേയരാക്കാൻ സംഘപരിവാർ ആസൂത്രിത നീക്കം നടത്തുകയാണ്. ഇതിന് സർക്കാർ സംവിധാനങ്ങൾപോലും ദുരുപയോഗിക്കുന്നു. ആധാർകാർഡും ബിപിഎൽ റേഷൻകാർഡും വാഗ്ദാനം

ചെയ്താണ് ആഗ്രയിൽ മതപരിവർത്തനം സംഘടിപ്പിച്ചത്. തലസ്ഥാനമായ ഡൽഹിയിലും പരിസരങ്ങളിലും ക്രൈസ്തവദേവാലയങ്ങൾക്കുനേരെ തുടർച്ചയായി ആക്രമണം നടന്നു. ഇതിനെതിരെ പ്രതിഷേധിച്ച വൈദികരും കന്യാസ്ത്രീകളും അടക്കമുള്ളവർക്കുനേരെ പൊലീസ് അതിക്രമവും ഉണ്ടായി.

മോഡി സർക്കാർ അധികാരത്തിലെത്തിയ ശേഷം വർഗീയ സംഘർഷങ്ങളുടെ എണ്ണത്തിലും കുതിച്ചുചാട്ടമുണ്ടായി. 2014 ൽ രാജ്യത്ത് 561 വർഗീയ കലാപങ്ങൾ അരങ്ങേറിയ സ്ഥാനത്ത് 2015 ഒക്ടോബർ വരെ മാത്രം ഈ സംഖ്യ 630 ആയി ഉയർന്നു. 2014 ൽ 90 പേരാണ് രാജ്യത്ത് വർഗീയ കലാപങ്ങളിൽ കൊല്ലപ്പെട്ടത്. 2015 ഒക്ടോബർ വരെ മാത്രം വർഗീയ കലാപങ്ങളിൽ 86 മരണം റിപ്പോർട്ടു ചെയ്യപ്പെട്ടു. പടിഞ്ഞാറൻ യുപി, രാജസ്ഥാൻ, ഹരിയാന എന്നിവടങ്ങളിലെല്ലാം വർഗീയ സംഘർഷങ്ങൾ തുടർക്കഥയായി. തലസ്ഥാന നഗരമായ ഡൽഹിയിലും ന്യൂനപക്ഷങ്ങൾ സംഘപരിവാർ ഭീഷണിയുടെ ഭീതിയിൽ കഴിയുന്നു.

## മതനിരപേക്ഷവാദികൾക്ക് കൊലക്കത്തി

നരേന്ദ്ര ധാബോൽക്കർ, ഗോവിന്ദ് പൻസാരെ, എം എം കലബുർഗി- ഹൈന്ദവ വർഗീയവാദികളുടെ തോക്കിൻമുനയ്ക്ക് ഇരയാകുന്ന യുക്തിവാദികളുടെയും അന്ധവിശ്വാസ വിരുദ്ധ പ്രവർത്തകരുടെയും സാമൂഹ്യപ്രവർത്തകരുടെയും പട്ടിക അനുദിനം നീളുകയാണ്. 2015 ഫെബ്രുവരിയിലാണ് ഗോവിന്ദ് പൻസാരെയെ വെടിവച്ചുകൊന്നത്. 2015 ആഗസ്തിൽ കലബുർഗിയും കൊലക്കത്തിക്കിരയായി. കെ എസ് ഭഗവാനെപ്പോലുള്ള എഴുത്തുകാർ ഭീഷണിയുടെ നിഴലിലാണ്. യുക്തിവാദികളെയും പുരോഗമന ചിന്താഗതിക്കാരെയും കൊലപ്പെടുത്തുമെന്ന് പരസ്യമായി തന്നെയാണ് സംഘപരിവാർ പ്രഖ്യാപിക്കുന്നത്. തീവ്രഹൈന്ദവ ചിന്ത പ്രചരിപ്പിക്കുന്ന സനാതൻ സൻസ്ത, അഭിനവ് ഭാരത് തുടങ്ങി സംഘപരിവാർവുമായി ചേർന്നു പ്രവർത്തിക്കുന്ന സംഘടനകളാണ് ഭീഷണികൾക്കുപിന്നിൽ.

യു ആർ അനന്തമൂർത്തിയെന്ന വിഖ്യാത സാഹിത്യകാരനോട് പാകിസ്ഥാനിലേക്കുപോകാൻ സംഘപരിവാരം ആക്രോശിച്ചത് മോഡി അധികാരത്തിലെത്തിയതിനു പിന്നാലെയാണ്. തമിഴ്നാട്ടിൽ പെരുമാൾ മുരുകനെന്ന ദളിത് സാഹിത്യകാരന് തന്നിലെ എഴുത്തുകാ-

രൻ ആത്മഹത്യ ചെയ്തുവെന്ന് വിലപിക്കേണ്ടി വന്നതും സവർണ്ണ ഹൈന്ദവശക്തികളുടെ ഭീഷണിയെ തുടർന്ന്. രാമായണത്തിലും മഹാഭാരതത്തിലുമൊന്നും അന്യമതക്കാർ ഇടപെടേണ്ടതില്ലെന്ന താക്കീതാണ് എം എം ബഷീറെന്ന നിരൂപകന് പുരോഗമനചിന്തയുടെ ഈറ്റില്ലമായ കേരളത്തിൽ നേരിടേണ്ടിവന്നത്.

## ബീഫ് വിവാദം

സംഘപരിവാറിന്റെ പ്രിയ അജണ്ടയാണ് രാജ്യവ്യാപകമായ ഗോവധ നിരോധനം. മോഡി അധികാരത്തിൽ വന്നത് മുതൽ ഈ വിഷയത്തിൽ സംഘപരിവാർ തീവ്രപ്രചാരണം ആരംഭിച്ചു. ഗോ മാംസം കഴിക്കുന്നവരെന്ന് ആരോപിച്ച് ന്യൂനപക്ഷങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങൾക്ക് മൂർച്ചയേറ്റി. ഉത്തർപ്രദേശിലെ ദാദ്രിയിൽ പശുമാംസം വീട്ടിൽ സൂക്ഷിച്ചുവെന്ന് ആരോപിച്ച് മുഹമദ് അഖ്‌ലാക്കെന്ന 52 കാരനായ കർഷകനെ സംഘപരിവാർ പ്രവർത്തകർ വീട്ടിൽ അതിക്രമിച്ചു കയറി പൈശാചികമായി തല്ലിക്കൊന്നു. ഭാര്യയുടെയും മക്കളുടെയും കൺമുന്നിലായിരുന്നു മൃഗീയമായ കൊലപാതകം.

ഒരു സൈനികന്റെ പിതാവിനെയാണ് പശുമാംസം സൂക്ഷിച്ചുവെന്ന് കള്ളകഥ ചമച്ച് സംഘപരിവാർ ശക്തികൾ കൊലപ്പെടുത്തിയത്. അഖ്‌ലാക്കിന്റെ മൂത്ത മകൻ സർതാജ് ഇന്ത്യൻ വ്യോമസേനയിൽ ഉദ്യോഗസ്ഥനാണ്. ദാരുണമായ സംഭവത്തിന് ശേഷം ദാദ്രിയിൽ നിന്ന് തന്റെ കുടുംബത്തെ സർതാജ് ഡൽഹിയിലേക്ക്മാറ്റി. സ്വാതന്ത്ര്യാനന്തരം ഒരിക്കൽ പോലും വർഗീയ കലാപം ഉണ്ടാകാത്ത സ്ഥലമാണ് ദാദ്രി. അഖ്‌ലാക്കിന്റെ വീട്ടിൽ സൂക്ഷിച്ചിരുന്നത് ആട് മാംസമാണെന്ന് പിന്നീട് പരിശോധനയിൽ തെളിഞ്ഞു. പ്രാദേശിക ബിജെപി നേതാവ് സഞ്ജയ് റാണയുടെ മകൻ വിശാൽ ഉൾപ്പെടെയുള്ളവരാണ് കേസിലെ പ്രതികൾ. അഖ്‌ലാക്കിന്റെ കൊലപാതകത്തെ ന്യായീകരിക്കും വിധം ബിജെപി എംപി സാക്ഷി മഹാരാജിനെ പോലുള്ളവർ പ്രസ്താവന നടത്തി.

ദാദ്രി സംഭവത്തിന് പിന്നാലെ ഹിമാചലിലും ജമ്മുവിലും സംഘപരിവാർ പ്രവർത്തകർ ബീഫിന്റെ പേരിൽ കൊലപാതകം നടത്തി. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരാണ് രണ്ടിടത്തും കൊല്ലപ്പെട്ടത്. പ്രധാനമന്ത്രി നരേന്ദ്ര മോഡി പോലും പശുമാംസം തെരഞ്ഞെടുപ്പ് നേട്ടത്തിനായി രാഷ്ട്രീയ ആയുധമാക്കി.

ബീഫ് വിവാദം ഉയർത്തി ഡൽഹി കേരള ഹൗസിലും സംഘപരിവാർ ശക്തികൾ കുഴപ്പങ്ങൾക്ക് ശ്രമിച്ചു. മലയാളിയായ ഒരു വിഎച്ച്പി പ്രവർത്തകൻ വിവരം നൽകിയതിനെ തുടർന്ന് രണ്ട് ഹിന്ദുസേനാ പ്രവർത്തകർ കേരള ഹൗസ് കാന്റീനിലെത്തി അതിക്രമം കാട്ടി. കേരള ഹൗസിൽ പശുവിറച്ചി വിളമ്പുന്നുവെന്നായിരുന്നു ആക്ഷേപം. പോത്തിറച്ചിയാണ് വിളമ്പുന്നതെന്ന് കാന്റീൻ നടത്തിപ്പുകാർ പറഞ്ഞിട്ടും ഹിന്ദുസേനകാർക്ക് തൃപ്തിയായില്ല. അവർ വിവരം നൽകിയ ഉടനെ ഡൽഹി പൊലീസിന്റെ വൻസംഘം കേരള ഹൗസിൽ ഇരച്ചെത്തി. റസിഡന്റ് കമീഷണറുടെയോ മറ്റ് ബന്ധപ്പെട്ട ആളുകളുടെയോ അനുമതിയില്ലാതെ കേരള ഹൗസ് കാന്റീൻ ഡൽഹി പൊലീസ് റെയ്ഡു ചെയ്തു. പശുവിറച്ചി കണ്ടെത്താതെ മടങ്ങി. വ്യാപക പ്രതിഷേധം ഉയർന്നതിനെ തുടർന്ന് ആഭ്യന്തര മന്ത്രി രാജ്നാഥ് സിങ് ഖേദപ്രകടനം നടത്തി. ഫെഡറൽ തത്വങ്ങളുടെ നഗ്നമായ ലംഘനമാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള ഡൽഹി പൊലീസ് നടത്തിയത്. എന്നാൽ കേരള ഹൗസ് റെയ്ഡിനെ ന്യായീകരിച്ച് ആർഎസ്എസ് മുഖവാരികയായ ഓർഗനൈസർ കേരളത്തെയും മലയാളികളെയും അപമാനിച്ച് ലേഖനം പ്രസിദ്ധപ്പെടുത്തി.

സർക്കാർ അതിഥിമന്ദിരത്തിൽ അധികൃതരുടെ അനുവാദമില്ലാതെ അതിക്രമിച്ച് കടന്ന് ബീഫ് വിളമ്പാൻ പാടില്ലെന്ന് കൽപ്പിച്ച സംഘപരിവാറുകാരുടെയും പൊലീസിന്റെയും നടപടികളിൽ ഉമ്മൻചാണ്ടിയുടെ പ്രതികരണം വിചിത്രമായിരുന്നു. അപലപിക്കുന്നതിനുപകരം നിസ്സാര സംഭവമെന്ന് പറഞ്ഞ് തള്ളിക്കളയുകയാണ് അദ്ദേഹം ചെയ്തത്.

പശുവിറച്ചിയുടെ പേരിലുള്ള ഹിംസ ഉത്തരേന്ത്യയിൽ തുടരുകയാണ്. ന്യൂനപക്ഷങ്ങളെ അടിച്ചുകൊല്ലാനും ന്യൂനപക്ഷ വിരുദ്ധത പ്രചരിപ്പിക്കാനും ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ ആർഎസ്എസ് ബോധപൂർവം പശുവിറച്ചി പ്രചാരണം അഴിച്ചുവിടുകയാണ്. യുപിയിലെ അലിഗഡിൽ പശുവിനെ കൊന്നുവെന്ന് ആരോപിച്ച് രണ്ട് യുവാക്കളെ മതഭ്രാന്തന്മാർ തല്ലി അവശരാക്കി.

ന്യൂനപക്ഷങ്ങളെമാത്രമല്ല ദളിതരെയും പിന്നോക്കക്കാരെയും വിടില്ലെന്ന വാശിയിലാണ് സംഘപരിവാരത്തിന്റെ സവർണ ഹൈന്ദവ രാഷ്ട്രീയം. യുപിയിൽ അമ്പലത്തിൽ കയറിയെന്നാരോപിച്ച് സംഘപരിവാറുകാർ ദളിത് വൃദ്ധനെ പച്ചയ്ക്ക് കത്തിച്ചു. ഹരിയാനയിൽ ബി

ജെപി അധികാരത്തിലെത്തിയതുമുതൽ ഗ്രാമങ്ങളിൽ ദളിതർ വേട്ടയാടപ്പെടുകയാണ്.

## ഭരിക്കുന്നത് ആർഎസ്എസ്

ആർഎസ്എസും ബിജെപിയും തമ്മിലുള്ള ഉദ്ഗ്രഥനവും ഏകോപനവും അതിന്റെ ഉന്നതിയിലെത്തി എന്നതാണ് ഇപ്പോഴത്തെ കാഴ്ച. ലോക്സഭയിൽ ബിജെപിക്ക് തനിച്ച് ഭൂരിപക്ഷം ലഭിച്ചതിനാലാണ് ഇത് സാധ്യമായത്.

ആർഎസ്എസിന്റെയും അതിൽ അംഗമായ സംഘടനകളുടെയും സമന്വയ ബൈഠക് എന്ന പേരിൽ 2015 സെപ്തംബർ 2 മുതൽ 4 വരെ ചേർന്ന യോഗത്തിൽ കേന്ദ്രസർക്കാരിന്റെ ഭരണപ്രകടനവും ദിശ ഏതാണെന്ന അജൻഡയെക്കുറിച്ചായിരുന്നു ചർച്ച. സാമ്പത്തികനയം, ദേശീയസുരക്ഷ, വിദ്യാഭ്യാസം എന്നീ വകുപ്പുമന്ത്രിമാർ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. ഈ ഉദ്യമം തെളിയിക്കുന്നത് ആർഎസ്എസും ബിജെപി സർക്കാരും തമ്മിലുള്ള ഏകോപനത്തിന്റെ സ്ഥാപനവൽക്കരണമാണ്. എൻഡിഎ സർക്കാരിന്റെ കാലത്തുനിന്ന് വ്യത്യസ്തമായി ആർഎസ്എസ് ഇപ്പോൾ പരസ്യമായിത്തന്നെ രംഗത്തുവരികയും സർക്കാരിന്റെ പ്രവർത്തനത്തെയും നയങ്ങളെയും നിയന്ത്രിക്കുകയും ചെയ്യുന്നു.

ഈ ഏകോപനത്തെക്കുറിച്ച് ആർഎസ്എസും ബിജെപിയും ഇപ്പോൾ തുറന്ന് സമ്മതിക്കുന്നു. ആർഎസ്എസ് ജോയിന്റ് ജനറൽ സെക്രട്ടറി ദത്താത്രേയ ഹൊസബളെ മാധ്യമങ്ങളോട് പറഞ്ഞത്- നിലവിൽ സ്വയംസേവകനാണ് രാജ്യം ഭരിക്കുന്നത് എന്നതിനാൽ മന്ത്രിമാർ സ്വാഭാവികമായും ഇത്തരം ബൈഠക്കുകളുടെ ഭാഗമായിരിക്കുമെന്നാണ്. ആഭ്യന്തരമന്ത്രി രാജ്നാഥ് സിങ് പറഞ്ഞത്- 'ഞാൻ എല്ലാവരോടുമായി വിശദീകരിക്കുന്നത് എന്തെന്നാൽ ഞാൻ ആർഎസ്എസ് സ്വയംസേവകനാണ്. പ്രധാനമന്ത്രിയും ആർഎസ്എസ് സ്വയംസേവകനാണ്. അതിൽ ആർക്കും ഒരു പ്രശ്നവുമില്ല'- എന്നാണ്. മോഡിസർക്കാർ സ്വയംസേവകരുടെ ഒരു ക്ലബ്ബാണെന്ന് അർഥം.

ഹിന്ദുത്വ ആശയങ്ങൾ കുത്തിനിറയ്ക്കുന്നതിന് ആർഎസ്എസ് മുൻഗണന നൽകുന്നത് വിദ്യാഭ്യാസ- സാംസ്കാരിക വകുപ്പുകളാണ്. ഇതിനായി മനുഷ്യവിഭവശേഷിമന്ത്രി സ്മൃതി ഇറാനി ആറുതവണ ആർഎസ്എസ് സംഘടനാനേതാക്കളുമായി കൂടിക്കാഴ്ച

നടത്തി. സാംസ്കാരികരംഗം 'ശുചീകരിക്കുന്നതിനായി' ആർഎസ്എസ് പോഷകസംഘടനകളുമായി ചർച്ച നടത്തിയെന്ന് കേന്ദ്ര സാംസ്കാരികമന്ത്രി മഹേഷ് ശർമ പറഞ്ഞു. ഹിന്ദുത്വതീവ്രവാദ സംഘടനകളും 'ഹിന്ദുത്വത്തിന്' രുചിക്കാത്ത എല്ലാറ്റിനുമെതിരെ സംഘടിതമായ ആക്രമണം നടത്തുകയാണിപ്പോൾ. ആർഎസ്എസ് ബിജെപി ഭരണത്തിൽ മലേഗാവ്, അജ്മീർ ഷെരീഫ്, മെക്ക മസ്ജിദ്, സംഝോത സ്ഫോടന കേസുകളിലെ പ്രതികളായ ഹിന്ദുത്വതീവ്രവാദികളെ ജാമ്യത്തിൽവിടുകയും കോടതികളിലെ വിചാരണ സന്ധി ചെയ്യപ്പെടുകയും ചെയ്തു.

കേരളത്തിൽ സിപിഐ എമ്മിനും പുരോഗമനപ്രസ്ഥാനങ്ങൾക്കുമെതിരെ ബിജെപിയും കൂട്ടരും ആരംഭിച്ച ആക്രമണങ്ങളെ ഈ പശ്ചാത്തലത്തിൽ വേണം കാണാൻ. ആർഎസ്എസ് പ്രചാരകൻ നരേന്ദ്ര മോഡിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ ആർഎസ്എസ് മുന്നോട്ടുവയ്ക്കുന്ന അജൻഡയും സമയക്രമവുമനുസരിച്ചാണ് പ്രവർത്തിക്കുന്നത്.

## കാവി പുതപ്പിച്ച വിദ്യാഭ്യാസം

ഇന്ത്യൻ വിദ്യാഭ്യാസമേഖലയെ 'ഭാരതീയ'വൽക്കരിക്കാനുള്ള തിരക്കിലാണ് നരേന്ദ്ര മോഡി സർക്കാർ. ഇതിന്റെ ഭാഗമായി പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന് രൂപം നൽകിവരികയാണ് മാനവശേഷി മന്ത്രാലയം. ആർഎസ്എസിനോട് ചേർന്നുനിൽക്കുന്ന വിവിധ സംഘടനകളാണ് നയത്തിന് രൂപകൽപ്പന ചെയ്യുന്നത്. ഇതിഹാസങ്ങളായ രാമായണവും മഹാഭാരതവുമൊക്കെ ചരിത്രവസ്തുതകളായി അവതരിപ്പിക്കുക, മുഗൾ ഭരണകാലത്തെയും ബ്രിട്ടീഷ് ഭരണകാലത്തെയും പല ചരിത്രസംഭവങ്ങളെയും തമസ്കരിക്കുക, മുസ്ലീം ഭരണാധികാരികളെയെല്ലാം മോശക്കാരായി ചിത്രീകരിക്കുക, ബ്രാഹ്മണ മേധാവിതത്വത്തിൽ അധിഷ്ഠിതമായ ചാതുർവർണ്യ വ്യവസ്ഥയ്ക്ക് സാധുത പകരുക, ആര്യാധിനിവേശമെന്ന ചരിത്ര വസ്തുതയെ തിരുത്തി അവർ ഇവിടെതന്നെ ജനിച്ചുവളർന്നവരെന്ന് സ്ഥാപിക്കുക, സവർക്കർ അടക്കമുള്ള ഹിന്ദു വർഗീയവാദികളെ രാഷ്ട്ര നിർമാണത്തിൽ വലിയ സംഭാവനയേകിയ ചരിത്ര പുരുഷൻമാരായി അവതരിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടാണ് വിദ്യാഭ്യാസ നയം.

ശാസ്ത്രീയ പഠനങ്ങളിലൂടെ തയ്യാറാക്കപ്പെട്ട ചരിത്രത്തെ തിരുത്തിയെഴുതുന്നതിനാണ് ഭാരതീയവൽക്കരണമെന്ന ഓമനപേര് നൽകുന്നത്. ആർഎസ്എസ് നേതൃത്വവും പ്രധാനമന്ത്രി ഉൾപ്പെടെയുള്ള കേന്ദ്ര മന്ത്രിമാരുമായി ഡൽഹിയിൽ മൂന്നുദിവസം തുടർന്ന കൂടിയാലാചനകൾക്ക് പിന്നാലെ വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ആർഎസ്എസ് സംഘടനകളുടെ യോഗവും ചേർന്നു. ഭാരതീയ ശിക്ഷക് മണ്ഡൽ, അഖില ഭാരതീയ ശിക്ഷക് മഹാസംഘ്, വിദ്യാഭാരതി, എബിവിപി, ഇതിഹാസ് സങ്കലൻ സമിതി തുടങ്ങിയ സംഘടനകളുടെ പ്രതിനിധികൾ യോഗത്തിനെത്തി. ബിജെപി ഭരണസംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ മന്ത്രിമാരും വിവിധ കേന്ദ്ര മന്ത്രിമാരും എംപിമാരുമൊക്കെ സമ്മേളനത്തിൽ പങ്കെടുത്തു. മൂന്ന് മേഖലയിലാണ് ഭാരതീയവത്കരണം ആർഎസ്എസ് ലക്ഷ്യമിടുന്നത്- വിദ്യാഭ്യാസം, സംസ്കാരം, വാർത്താവിനിമയം. ഇതിൽ ഊന്നൽ വിദ്യാഭ്യാസത്തിന്.

പുതിയ ദേശീയ നയം തയ്യാറാക്കുന്നതിന് പുറമെ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട വിവിധ സമിതികളിൽ ആർഎസ്എസുകാരെ തിരുകിക്കയറ്റുകയാണ്. ഇന്ത്യൻ ചരിത്ര ഗവേഷണ കൗൺസിൽ അധ്യക്ഷസ്ഥാനത്ത് സുദർശൻ റാവുവിനെ നിയമിച്ചത് ഉദാഹരണം. മഹാഭാരതവും രാമായണവുമൊക്കെ ചരിത്ര സംഭവങ്ങളാണെന്ന് ബോധ്യപ്പെടുത്താൻ യത്നിക്കുന്ന ചരിത്രകാരനാണ് സുദർശൻ റാവു

മാനവശേഷി മന്ത്രി സ്മൃതി ഇറാനിയുടെ രാഷ്ട്രീയ ലക്ഷ്യങ്ങളോടെയുള്ള ഇടപെടലുകളിൽ പ്രതിഷേധിച്ച് ഐഐടി മുംബൈ ഡയറക്ടറും പ്രമുഖ ആണവ ശാസ്ത്രജ്ഞനുമായ അനിൽ കാകോദ്ക്കർ, ഐഐടി ഡൽഹി ഡയറക്ടർ രഘുനാഥ് ഷെവ്ഗാവ്ങ്കർ തുടങ്ങിയവർ രാജിവച്ചു. നളന്ദ സർവകലാശാലയുടെ ചാൻസലർ സ്ഥാനത്തുനിന്ന് നോബെൽ ജേതാവായ സാമ്പത്തികശാസ്ത്രജ്ഞൻ അമർത്യാ സെന്നിനെ സർക്കാർ പുറത്താക്കി.

## മാപ്പില്ലാത്ത ക്രൂരത

ഹരിയാനയിൽ ദളിത്കുടുംബത്തെ കൂട്ടത്തോടെ കൊന്നൊടുക്കാൻ മണ്ണെണ്ണയൊഴിച്ച് തീയിട്ടതും 11 മാസവും രണ്ടരവയസ്സും പ്രായമുള്ള രണ്ട് പിഞ്ചുകുഞ്ഞുങ്ങൾ വെന്തുമരിച്ചതും നാടിനെ നടുക്കി.

പുലർച്ചെ രണ്ടരയ്ക്ക് വീട്ടിൽ എല്ലാവരും ഉറങ്ങുന്ന സമയത്താണ് സവർണജാതിക്കാർ മണ്ണെണ്ണയൊഴിച്ച് തീകൊളുത്തിയത്. കൊലപാതകത്തെക്കാളും ക്രൂരമായിരുന്നു മോഡി സർക്കാരിലെ മന്ത്രിയുടെ പ്രതികരണം. ഒരു പട്ടിയെ ആരെങ്കിലും കല്ലെറിഞ്ഞാൽ കേന്ദ്രസർക്കാരിനാണോ കുറ്റം എന്നായിരുന്നു കേന്ദ്രമന്ത്രിയുടെ ചോദ്യം.

രാഷ്ട്രത്തിന്റെ തലസ്ഥാന നഗരിക്കടുത്താണ് ഈ രണ്ട് സംഭവവും. മേൽജാതിക്കാരുടെ കടുത്ത ചൂഷണത്തിനും മർദനത്തിനും വിധേയമായാണ് ദളിതർ ഇന്നും ജീവിക്കുന്നത്. അടിമസമാനമായ ജീവിതം. ബിഹാർ ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളുടെ നിലയും ഇതുതന്നെ.

കേന്ദ്രഭരണത്തിന് നേതൃത്വം കൊടുക്കുന്ന ആർഎസ്എസ് ചാതുർവർണ്യവ്യവസ്ഥയുടെ ആരാധകരാണ്. ദളിതർ, ദസ്യുക്കൾ എന്നൊക്കെ പറയുന്നവർ ഹിന്ദുമതത്തിന് പുറത്താണെന്നാണ് അവരുടെ മതം. 2015ൽ 47,064 അതിക്രമങ്ങളാണ് ദളിതർക്കെതിരെ നടന്നത്. 2014ൽ 744 ദളിതർ കൊല്ലപ്പെട്ടു.

## പല വഴി വരുന്ന ഫാസിസം

ഫാസിസം പലവഴിക്കും പലവേഷത്തിലുമാണ് കടന്നുവരുന്നത്. മാട്ടിറച്ചി വീട്ടിൽ സൂക്ഷിച്ചു എന്ന തോന്നലുണ്ടായപ്പോൾ വധശിക്ഷ വിധിക്കുകയും നടപ്പാക്കുകയും ചെയ്തു. മൂന്ന് എഴുത്തുകാരെയാണ് അതിനിഷ്ഠുരമായി കൊലപ്പെടുത്തിയത്. ഭരണാധികാരികൾ കണ്ടില്ലെന്ന് നടിച്ചു. ഒരു പാവപ്പെട്ട മധ്യവയസ്കനായ മുസ്ലിമിനെ വധിച്ചപ്പോഴും പ്രധാനമന്ത്രി നരേന്ദ്ര മോഡി മൗനം പാലിച്ചു. മുംബൈയിൽ ശിവസേനയുടെ നേതൃത്വത്തിൽ സുധീന്ദ്ര കുൽക്കർണിയുടെ തലയിൽ കരിഓയിൽ ഒഴിച്ചു. പാകിസ്ഥാൻ മുൻ വിദേശമന്ത്രി ഖുർഷിദ് മുഹമ്മദ് കസൂരി രചിച്ച പുസ്തകം സുധീന്ദ്ര കുൽക്കർണി പ്രകാശനംചെയ്യാൻ തീരുമാനിച്ചതാണ് ശിവസേനയെ പ്രകോപിപ്പിച്ചത്.

എഴുത്തുകാരെ ക്രൂരമായി കൊലപ്പെടുത്തിയതും മാട്ടിറച്ചി സൂക്ഷിച്ചെന്നും ഭക്ഷിച്ചെന്നും ആരോപിച്ച് നിരപരാധിയായ മധ്യവയസ്കനെ അടിച്ചുകൊല്ലുന്നതിൽവരെയും കാര്യങ്ങൾ എത്തിയപ്പോഴാണ് സാഹിത്യകാരന്മാരും കലാകാരന്മാരും തങ്ങൾക്ക് ലഭിച്ച വിലപ്പെട്ട പുരസ്കാരങ്ങളും അവാർഡുകളും തിരിച്ചേൽപ്പിക്കാൻ തയ്യാ

റായി പ്രതിഷേധിച്ച് രംഗത്തുവന്നത്.

സാംസ്കാരിക ഫാസിസമാണ് തുടക്കത്തിൽ നടപ്പാക്കുന്നത്. തനി പിന്തിരിപ്പൻ ചിന്താഗതി അടിച്ചേൽപ്പിച്ച് ചരിത്രം തിരുത്തിയെഴുതാനുള്ള ശ്രമത്തിന് തുടക്കം കുറിച്ചുകഴിഞ്ഞു. വിദ്യാഭ്യാസരംഗത്ത് പുരോഗമന ചിന്താഗതി തുടച്ചുമാറ്റാനുള്ള ശ്രമമാണ് നടക്കുന്നത്. ഭാഷാഭ്രാന്ത് നിർബന്ധപൂർവം നടപ്പാക്കുന്നു. വർഗീയവിഷം എല്ലാ മേഖലയിലും വ്യാപിപ്പിക്കുന്നു.

## കേരളത്തിലും കൊലക്കത്തിയുമായി ആർഎസ്എസ്

ഉത്തരേന്ത്യൻ മാതൃകയിൽ വർഗീയകലാപം സൃഷ്ടിക്കാൻ ജനങ്ങളെ മതാധിഷ്ഠിതമായി വേർതിരിച്ച് വർഗീയവൈരവും അസ്വാസ്ഥ്യവും സൃഷ്ടിക്കാനാണ് കേരളത്തിൽ ആർഎസ്എസിന്റെ നേതൃത്വത്തിൽ ഹിന്ദുത്വ ശക്തികൾ ശ്രമിക്കുന്നത്. രാജ്യത്തിന്റെ രാഷ്ട്രീയ അധികാരം കൈയാളുന്നതിന്റെ ബലത്തിലും തണലിലും മറവിലും കേരളത്തെ വർഗീയതയുടെ വിളഭൂമിയാക്കാനാണ് ആർഎസ്എസ് പരിശ്രമിക്കുന്നത്. കഴിഞ്ഞ തിരുവോണക്കാലത്ത് സംസ്ഥാനവ്യാപകമായി ആർഎസ്എസ് അഴിച്ചുവിട്ട ആസൂത്രിത ആക്രമണങ്ങൾ ഇതിന് തെളിവാണ്.

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഉത്തർപ്രദേശിൽ വിജയംനേടാൻ വ്യാപകമായി വർഗീയകലാപം സൃഷ്ടിക്കുകയാണ് ആർഎസ്എസ് ചെയ്തത്. ഗുജറാത്തിൽ ബിജെപിഭരണം ഉറപ്പിക്കാൻ ഇന്ധനമാക്കിയതും വർഗീയകലാപവും വംശഹത്യയും. തലശേരിയിൽ ആർഎസ്എസ് സൃഷ്ടിച്ച വർഗീയകലാപം ഉത്തരേന്ത്യയിലെ കലാപങ്ങളുടെ മാതൃകയിലായിരുന്നു. കേരളത്തിൽ വർഗീയ അസ്വാസ്ഥ്യങ്ങൾ കത്തിപ്പടരാത്തത് ഇവിടെ ഇടതുപക്ഷ–മതനിരപേക്ഷ ശക്തികൾ സദാ ജാഗരൂകരായിരിക്കുന്നതുകൊണ്ടാണ്.

1999ൽ തിരുവോണനാളിലാണ് സിപിഐ എം നേതാവ് പി ജയരാജനെ കണ്ണൂർജില്ലയിലെ കിഴക്കേ കതിരൂരിലെ വീട്ടിൽ കയറിച്ചെന്ന് ആർഎസ്എസ് വധിക്കാൻ ശ്രമിച്ചത്. അതിനുമുമ്പ് കൂത്തുപറമ്പിൽ സിപിഐ എം തൊക്കിലങ്ങാടി ബ്രാഞ്ച് സെക്രട്ടറിയായിരുന്ന പി ബാലനെ ആർഎസ്എസ് വധിച്ചത് വിഷു ആഘോഷിക്കുന്ന വേ

ളയിലാണ്. ആഘോഷവേളകൾ അരുംകൊലയ്ക്ക് തെരഞ്ഞെടുക്കുന്നത് ആർഎസ്എസിന്റെ പതിവാണ്. ഇത്തവണ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ തിരുവോണ നാളുകളിലാണ് ആസൂത്രിതമായ ആക്രമണം ആർഎസ്എസ് നടത്തിയത്. കാസർകോട് ജില്ലയിലെ കാഞ്ഞങ്ങാട്ട് കാലിച്ചാനടുക്കത്തെ ചുണ്ടങ്കയം കായക്കുന്നിൽ സിപിഐ എം പ്രവർത്തകൻ സി നാരായണനെ ആർഎസ്എസുകാർ കൊന്നത് തിരുവോണനാളിലാണ്.

തങ്ങളുടെ കാൽച്ചുവട്ടിലെ മണ്ണ് ചോർന്നുപോകുന്നതിന്റെ പക തുടർച്ചയായ ആക്രമണങ്ങളിലൂടെയാണ് ആർഎസ്എസ് പ്രകടിപ്പിക്കുന്നത്. ബിജെപിയുടെ ജില്ലാ നേതാവായിരിക്കെയാണ് ഒ കെ വാസുമാസ്റ്റർ സംഘബന്ധം ഉപേക്ഷിച്ചത്. അദ്ദേഹത്തോടൊപ്പമാണ് ചെറുവാഞ്ചേരിയിലെ നിരവധി ആളുകൾ ആർഎസ്എസും ബിജെപിയും വിട്ടത്. ഒ കെ വാസുമാസ്റ്റർ അടക്കമുള്ളവരെ ആദ്യം ആക്രമിച്ചു. ഗർഭിണികളടക്കമുള്ള സ്ത്രീകൾക്ക് നേരെയും കുട്ടികൾക്കു നേരെയും ആർഎസ്എസ് ആക്രമണം അഴിച്ചുവിട്ടു.

അഴിഞ്ഞാട്ടം അവസാനിപ്പിക്കാനോ തടയാനോ കുറ്റവാളികളെ പിടികൂടാനോ യുഡിഎഫ് സർക്കാർ ശ്രമിക്കുന്നില്ല. മിക്ക സ്ഥലങ്ങളിലും അക്രമത്തിന് പ്രോത്സാഹനം നൽകുകയാണ് പൊലീസ്. കേവലം ക്രിമിനൽപ്രവർത്തനമായി അവഗണിക്കാവുന്നതല്ല ഇതൊന്നും. അഖിലേന്ത്യാതലത്തിലുള്ള ആസൂത്രണം ഇതിനുപിന്നിലുണ്ട്. മുമ്പ് ബിജെപി കേന്ദ്രഭരണത്തിലുണ്ടായിരുന്നപ്പോൾ കേരളത്തിലെ സിപിഐ എമ്മിനെ തകർക്കാൻ വലിയതോതിലുള്ള ആക്രമണങ്ങൾ ആസൂത്രണംചെയ്തിരുന്നു. അന്ന് സാധിക്കാത്ത കാര്യം ഇന്ന് യുഡിഎഫിന്റെ പരിപൂർണ സഹായത്തോടെ പൂർത്തിയാക്കാം എന്ന വ്യാമോഹമാണ് ആർഎസ്എസിനെ നയിക്കുന്നത്.

ആർഎസ്എസിന്റെ ബി ടീമായി സംസ്ഥാന പൊലീസിനെ മാറ്റാനാണ് ശ്രമിക്കുന്നത്. സംസ്ഥാനത്ത് അസ്വസ്ഥതയും ആക്രമണങ്ങളുമുണ്ടാക്കി രാഷ്ട്രീയനേട്ടം കൊയ്യാനുള്ള സംയുക്ത പദ്ധതിയാണ് അരങ്ങേറുന്നത്. അതിൽ ആർഎസ്എസിന് ഒത്താശചെയ്യുകയാണ് യുഡിഎഫ് സർക്കാർ.

വർഗീയവിഷം വമിപ്പിക്കുന്ന പ്രസംഗത്തിന് പ്രവീൺ തൊഗാഡിയക്കെതിരെ ചാർജ് ചെയ്ത കേസ് നിരുപാധികം പിൻവലിച്ച് നിലപാടുതെളിയിച്ച ഉമ്മൻചാണ്ടി ഭരണത്തിൽനിന്ന് വർഗീയവിരുദ്ധ

മായ നീക്കം പ്രതീക്ഷിക്കേണ്ടതില്ല. സംസ്ഥാനത്ത് വർഗീയതയുടെയും മതസ്പർധയുടെയും വിത്തെറിയുന്ന പ്രകോപനപരമായ പ്രസംഗങ്ങൾ നടത്താനും, മുതിർന്ന രാഷ്ട്രീയനേതാക്കളെയും ജനകീയപ്രസ്ഥാനങ്ങളെയും അധിക്ഷേപിക്കാനും വെള്ളാപ്പള്ളി നടേശനെപ്പോലുള്ളവർക്ക് സൗകര്യം നൽകുന്നത് ഭരണാധികാരികളുടെ ഈ സമീപനമാണ്. ബിജെപി-വെള്ളാപ്പള്ളി നടേശൻ സഖ്യനീക്കം ജനങ്ങളെ വിഭജിക്കാൻ വർഗീയമായി ഉദ്ദേശിച്ചുള്ളതാണെന്ന് ആവർത്തിച്ച് വ്യക്തമാക്കപ്പെട്ടിട്ടും മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ശബ്ദം ഉയർന്നില്ല.

ഏച്ചുകെട്ടാനോ കൂട്ടിമുട്ടിക്കാനോ ആകാത്ത രണ്ടു ധ്രുവങ്ങളിലാണ് ശ്രീനാരായണദർശനവും ആർഎസ്എസും. ആർഎസ്എസിന്റെ വർഗീയപ്രത്യയശാസ്ത്രത്തിന് നേർവിപരീതമാണ് ഗുരുദർശനം. എന്നിട്ടും, എസ്എൻഡിപി എന്ന സംഘടനയെ ആർഎസ്എസിന്റെ കൂടാരത്തിലേക്കാനയിക്കാൻ ഇന്നത്തെ ജനറൽ സെക്രട്ടറി വാശിയോടെ ശ്രമിക്കുകയാണ്. ജാതിരാഷ്ട്രീയം പ്രോത്സാഹിപ്പിച്ച് വർഗീയതയ്ക്ക് മുതൽകൂട്ടാനുള്ള തന്ത്രമാണ് ആർഎസ്എസ്-ബിജെപി നേതൃത്വം നടപ്പാക്കുന്നത്. കേരളത്തിൽ വെള്ളാപ്പള്ളി നടേശനെ ഇതിനുള്ള ഉപകരണമായി തെരഞ്ഞെടുത്തു. പിന്നോക്കവിഭാഗങ്ങളെ ജാതിയുടെയും വർഗീയതയുടെയും മറവിൽ ഭിന്നിപ്പിച്ച് കൂടെനിർത്താനുള്ള ആർഎസ്എസ് അജൻഡ നടപ്പാക്കാനുള്ള ദൗത്യമാണ് എസ്എൻഡിപിയുടെ പേരിൽ വെള്ളാപ്പള്ളി നടേശൻ ഏറ്റെടുത്തത്. ആർഎസ്എസ് ദേശീയ അജൻഡയുടെ കേരള ഏജൻറായി നിയോഗിക്കപ്പെട്ട വെള്ളാപ്പള്ളി നടേശൻ ശ്രീനാരായണഗുരുഗുരുദർശനങ്ങൾ വർഗീയശക്തികൾക്കടിയറവെക്കുകയാണെന്ന് മതനിരപേക്ഷകേരളം തിരിച്ചറിഞ്ഞു. ശ്രീനാരായണീയരും കേരളത്തിന്റെ മതനിരപേക്ഷ മനസ്സും ഏകഭാവത്തിൽ ഈ നീക്കം തള്ളിക്കളയുന്ന ആവേശകരമായ അനുഭവമാണുണ്ടായത്. എങ്കിലും ജനങ്ങളുടെ ഐക്യവും സ്വൈരജീവിതവും ആഗ്രഹിക്കുന്നവർ ഒന്നടങ്കം നിതാന്തജാഗ്രത പുലർത്തേണ്ടതുണ്ട്.

കേരളത്തെ വർഗീയാഗ്നിയിൽ മുക്കാനുള്ള പദ്ധതിയുമായാണ് കണ്ണൂരിലെ ആർഎസ്എസ് ബൈഠകിൽ ആർഎസ്എസ് മേധാവി മോഹൻ ഭഗവത് എത്തിയത്. ഏറ്റവും കൂടുതൽ പ്രസവിക്കുന്ന ഹിന്ദു അമ്മമാർക്ക് വീരപ്രസവിനി അവാർഡ്, ക്ഷേത്രപരിസരങ്ങളിലെ

ഇതരമതസ്ഥരുടെ കച്ചവടസ്ഥാപനങ്ങൾ ഒഴിപ്പിക്കൽ തുടങ്ങി ആപത്കരമായ നിർദ്ദേശങ്ങളാണ് കണ്ണൂർ ബൈഠക് മുന്നോട്ടുവെച്ചിരിക്കുന്നത്. ആർഎസ്എസിന്റെ സമ്പൂർണാധിപത്യത്തിലൊതുക്കിയ ബിജെപിയുടെ പുതിയ അധ്യക്ഷനാകട്ടെ ബൈഠക് തീരുമാനങ്ങൾക്ക് സാധൂകരണം നൽകുകയും ചെയ്തു.

വർഗീയതയെ ഐതിഹാസികമായി ചെറുത്തുനിൽക്കുന്ന ഇടതുപക്ഷപ്രസ്ഥാനത്തോടൊപ്പം അണിനിരന്ന് ഈ വെല്ലുവിളികൾ നേരിടുകയാണ് കേരളത്തെ സ്നേഹിക്കുന്ന ഓരോരുത്തരുടെയും കടമ.

## ഹിന്ദുത്വവാദികൾക്ക് തണലൊരുക്കി കോൺഗ്രസ്

ഗരീബീ ഹഠാവോ എന്ന മുദ്രാവാക്യമുയർത്തി പട്ടിണിപ്പാവങ്ങളുടെ മനസ്സും വോട്ടും തങ്ങൾക്ക് അനുകൂലമാക്കാൻ ശ്രമിച്ച കോൺഗ്രസ് എൺപതുകളോടെ സാംസ്കാരികവും ദേശീയവുമായ വിഷയങ്ങളെടുത്തിട്ട് വോട്ട്ബാങ്ക് കെട്ടിപ്പടുക്കാൻ ഹീനമാർഗങ്ങളെ ആശ്രയിച്ചു. മുസ്ലിം യാഥാസ്ഥിതികരുടെ സമ്മർദതന്ത്രങ്ങൾക്കു വഴങ്ങി എന്ന പ്രചാരണവുമായി രംഗത്തുവന്ന സംഘപരിവാർ സംഘടനകൾ രാമജന്മഭൂമി പ്രക്ഷോഭത്തിലൂടെ കോൺഗ്രസിന്റെ പ്രീണനത്തിന് പകരംവീട്ടാൻ അയോധ്യയിൽ 465 വർഷമായി നിലകൊള്ളുന്ന ബർബറി മസ്ജിദ് ശ്രീരാമന്റെ ജന്മഭൂമിയാണെന്നും അത് പൊളിച്ചുമാറ്റി അവിടെ രാമക്ഷേത്രം പണിയണമെന്നുമുള്ള അജൻഡയുമായി തീവ്രവലതുപക്ഷം പ്രക്ഷോഭത്തിനിറങ്ങിയപ്പോൾ കോൺഗ്രസ് അവർക്കു മുന്നിൽ മുട്ടുമടക്കി. 1949 മുതൽ കോടതി ഉത്തരവു പ്രകാരം പൂട്ടിക്കിടന്ന മസ്ജിദിന്റെ കവാടം പൂജയ്ക്കായി തുറന്നുകൊടുത്തു. അയോധ്യയിലെ തർക്കസ്ഥലത്തിന്റെ തൽസ്ഥിതി നിലനിർത്തണമെന്ന് സുപ്രീംകോടതി പലവട്ടം ഓർമപ്പെടുത്തിയിട്ടും അന്നത്തെ ആഭ്യന്തരമന്ത്രി ബൂട്ടാസിങ് ശിലാന്യാസത്തിന് അനുമതി നൽകി. ബിജെപിക്ക് പിന്നീട് തിരിഞ്ഞുനോക്കേണ്ടിവന്നില്ല.

എൽ കെ അദ്വാനിയയുടെ നേതൃത്വത്തിൽ രഥയാത്ര കടന്നുപോയ വഴികളിലുടനീളം ചോരയൊഴുകി. 1992 ഡിസംബർ ആറിന് പട്ടാളത്തിന്റെ കൺമുമ്പിൽ കർസേവകർ ബാബറിമസ്ജിദ് ഇടിച്ചുനിരത്തി. കല്യാൺ സിങ്ങിന്റെ ബിജെപി സർക്കാർ കർസേവകർക്ക് എല്ലാ ഒത്താശയും ചെയ്തുകൊടുത്തപ്പോൾ കേന്ദ്രസൈന്യം നിസ്സംഗ

രായി നോക്കിനിന്നു. അന്നത്തെ പ്രധാനമന്ത്രി പി വി നരസിംഹറാവു മൗനത്തിലായിരുന്നു. മതേതരത്വത്തിനെതിരായ ആസൂത്രിതനീക്കം തടയാൻ കോൺഗ്രസ് ആർജവം കാട്ടിയില്ല. ഇന്നും വർഗീയശക്തികൾക്ക് ഒത്താശചെയ്ത് പിടിച്ചുനിൽക്കാൻ ശ്രമിക്കുകയാണ് കോൺഗ്രസ്. ഒളിഞ്ഞും തെളിഞ്ഞും ആർഎസ്എസുമായി കൂട്ടുകൂടാൻ കോൺഗ്രസിന് മടിയില്ല. വടകര–ബേപ്പൂർ മോഡൽ അവിശുദ്ധകൂട്ടുകെട്ടുകൾക്ക് അരങ്ങൊരുക്കി അധികാരമുറപ്പിക്കാനുള്ള വിഫലയത്നത്തിലാണ് കേരളത്തിലും കോൺഗ്രസും യുഡിഎഫും.

കേരളത്തിൽ ആർ.എസ്.എസിന് കൂട്ടുനിൽക്കുന്ന നിലപാടാണ് ഉമ്മൻചാണ്ടി സർക്കാർ സ്വീകരിക്കുന്നത്. തിരുവനന്തപുരം എം.ജി കോളേജിൽ പോലീസിനു നേരെ ബോംബെറിഞ്ഞ് മാരകമായി പരിക്കേൽപ്പിച്ച ആർ.എസ്.എസ് ക്രിമിനലുകളുടെ പേരിലുള്ള കേസ് ഉമ്മൻചാണ്ടി പിൻവലിച്ചു. ബി.ജെ.പിക്കും ആർ.എസ്.എസിനുമെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ ഒരിക്കലും ഉമ്മൻചാണ്ടി നേതൃത്വം നൽകുന്ന സർക്കാർ സന്നദ്ധമായില്ല. സംസ്ഥാനത്ത് വർഗീയത ആളിക്കത്തിക്കാനുള്ള സംഘപരിവാർ ശ്രമങ്ങളെ കണ്ടില്ലെന്ന് നടിക്കുകയാണ് കോൺഗ്രസ് നേതൃത്വം.

വർഗീയതയെ ചെറുക്കാനും മതനിരപേക്ഷത സംരക്ഷിക്കാനും ഇടതുപക്ഷത്തിന് മാത്രമേ കഴിയൂ. ഗോവധ നിരോധനമടക്കമുള്ള പ്രശ്നങ്ങളിൽ സംഘപരിവാർ നിലപാടിനൊപ്പം നിൽക്കുന്ന കോൺഗ്രസ്, വർഗീയതയോട് അവസരവാദ നിലപാടാണ് കൈക്കൊള്ളുന്നത്. സംഘപരിവാറിന്റെ ആക്രമണങ്ങളെ ചെറുക്കാനെന്ന പേരിൽ ന്യൂനപക്ഷ സമുദായങ്ങൾക്കിടയിൽ തീവ്രവാദ ചിന്ത വളർത്താൻ നടത്തുന്ന ശ്രമങ്ങൾ ആത്മഹത്യാപരമാണ്. ഭൂരിപക്ഷ–ന്യൂനപക്ഷ വർഗീയതയ്ക്കെതിരെ കേരളത്തിന്റെ നവോത്ഥാനമൂല്യങ്ങൾ കാത്തുസൂക്ഷിക്കാനും സംസ്ഥാനത്തെ മതനിരപേക്ഷ പാരമ്പര്യം സംരക്ഷിക്കാനം കേരള ജനത ഇടതുപക്ഷത്തിനു പിന്നിൽ ഒറ്റക്കെട്ടായി അണിനിരക്കണം.

* * *

---

Printed and Published by Kodiyeri Balakrishnan,
Secretary, CPI (M) Kerala State Committee,
Printed at Chintha Printing & Publishing Co. Pvt. Ltd, Kochi - 17.

# വർഗീയതയെ ചെറുക്കുക

കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)
കേരള സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരിക്കുന്നത്

തിരുവനന്തപുരം
12.01.2016

വില: 2.50